"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി - അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.ബിജിലി.എസ്.ദിനേശ് എന്നവരുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.967/2026/LSGD തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 28.11.2013-ലെ സ.ഉ (പി) നം. 580/2013/ധന.
3. 12.12.2024-ലെ സ.ഉ (സാധാ) നം. 2446/2024/തസ്വഭവ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.01.2026-ലെ LSGD/PD/31779/2025-DEA6 നമ്പർ കത്ത്.
5. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയുടെ 16.02.2026-ലെ ജിഡ/1176/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി.ബിജിലി.എസ്.ദിനേശ് എന്നവരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ)-യിൽ പരാമർശം (3) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു.

2. ശ്രീമതി.ബിജിലി.എസ്.ദിനേശ് എന്നവരുടെ ജിഡ -യിലെ അന്യത്രസേവന കാലാവധി 2025 ഡിസംബർ 15-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ടിയാളുടെ അന്യത്ര സേവനത്തിന് തുടർച്ചാനുമതി നൽകണമെന്ന് ജിഡ സെക്രട്ടറി പരാമർശം (5) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ)-യിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ശ്രീമതി.ബിജിലി.എസ്.ദിനേശ് എന്നവരുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് ആക്ഷേപമില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീമതി.ബിജിലി.എസ്.ദിനേശ് എന്നവരുടെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം - 1 ചട്ടം 140 (സി)

പ്രകാരമുള്ള വ്യവസ്ഥകൾക്കും, അന്യത്ര സേവനം സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 2025 ഡിസംബർ 16 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

ശ്രീമതി.ബിജിലി.എസ്.ദിനേശ് (ജിഡ സെക്രട്ടറി മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്),കേരളം, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ3/14/2026/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 07-05-2026 16:00:31

സെക്ഷൻ ഓഫീസർ